# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 മാർച്ച് 2**

---

*ഓൺലൈൻ എം.കോമിനും ഇപ്പോൾ അപേക്ഷ നൽകാം*

## എം.ജി. സർവകലാശാലയിൽ റെഗുലർ കോഴ്സിന് തുല്യമായ ഓൺലൈൻ എം.ബി.എ

ലോകത്തിൻറെ ഏതു ഭാഗത്തു താമസിക്കുന്നവർക്കും ഇനി മഹാത്മാ ഗാന്ധി സർവകലാശാലയിൽനിന്ന് റെഗുലർ കോഴ്സിന് തുല്യമായ ഓൺലൈൻ എം.ബി.എ ബിരുദം നേടാം. യു.ജി. സി അംഗീകരിച്ച സർവകലാശാലായുടെ ഓൺലൈൻ എം.ബി.എയുടെ പ്രഥമ ബാച്ചിൽ പ്രവേശനത്തിന് മാർച്ച് 30 വരെ അപേക്ഷ സ്വീകരിക്കും. തുടർ വിദ്യാഭ്യാസത്തിനും തൊഴിലിനും അടിസ്ഥാന യോഗ്യതയായി പരിഗണിക്കപ്പെടുന്ന പ്രോഗ്രാമിൻറെ ഒരു ഘട്ടത്തിലും വിദ്യാർഥികൾ സർവകലാശാലയിൽ എത്തേണ്ടതില്ല എന്നതാണ് പ്രധാന സവിശേഷത.

രണ്ടു വർഷത്തെ പ്രോഗ്രാമിൽ ഹ്യൂമൻ റിസോഴ്സ് മാനേജ്മെൻ്റ്, ഫിനാൻസ്, മാർക്കറ്റിംഗ് എന്നീ ഐച്ഛിക (ഇലക്ടീവ്സ്) വിഷയങ്ങളിൽ ഏതെങ്കിലും തിരഞ്ഞെടുക്കാം. വിദ്യാർഥികളുടെ സൗകര്യവും താത്പര്യവുമനുസരിച്ച് പഠിക്കാൻ കഴിയുന്ന പ്രോഗ്രാമിന് പ്രായപരിധി ഇല്ല. ജോലിയോടൊപ്പം പഠനം തുടരാൻ ആഗ്രഹിക്കുന്നവർക്കും അവസരമുണ്ട്.

അഡ്മിഷൻ മുതൽ ബിരുദദാനം വരെ സെൻറർ ഫോർ ഡിസ്റ്റൻസ് ആൻ്റ് ഓൺലൈൻ എജ്യുക്കേഷൻ്റെ സ്ക്രീനിംഗ് സംവിധാനവും വിദഗ്ധ അധ്യാപകരുടെ മേൽനോട്ടത്തിൽ നിരന്തര വിലയിരുത്തലുമുണ്ട്. ഇൻറേണൽ, എക്സ്റ്റേണൽ പരീക്ഷകൾ ഉൾപ്പെടെ എല്ലാ നടപടികളും ഓൺലൈനിലാണ് പൂർത്തീകരിക്കുക. പഠന വിഷയങ്ങളിൽ വദ്യാർഥികളുടെ സംശയങ്ങൾ പരിഹരിക്കുന്നതിന് അധ്യാപകരുടെ ലൈവ് ഓൺലൈൻ സേവനവുമുണ്ട്.

മഹാത്മാ ഗാന്ധി സർവകലാശാലയിൽനിന്ന് അല്ലെങ്കിൽ സവർവകലാശാലാ അംഗീകരിക്കുന്ന മറ്റ് സർവകലാശാലകളിൽനിന്ന് ഏതെങ്കിലും വിഷയത്തിൽ അൻപതു ശതമാനത്തിൽ കുറയാത്ത മാർക്കോടെ ബിരുദമോ അല്ലെങ്കിൽ ഏതെങ്കിലും

വിഷയത്തിൽ ബിരുദാനന്തര ബിരുദമോ ഉള്ളവർക്ക് അപേക്ഷിക്കാം.

പട്ടികജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ട വിദ്യാർഥികൾ ബിരുദ പരീക്ഷ വിജയിച്ചാൽ മതിയാകും. പ്രത്യേക പ്രവേശന പരീക്ഷ ഉണ്ടാവില്ല. നാലു സെമസ്റ്ററുകളായി നടത്തുന്ന എം.ബി.എ. പ്രോഗ്രാമിന് ഒരു സെമസ്റ്ററിന് ഇരുപത്തയ്യായിരം രൂപയാണ് ട്യൂഷൻ ഫീസ്. പട്ടികജാതി, പട്ടിക വർഗ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് 20 ശതമാനം ഫീസ് ഇളവുണ്ട്.

നാഷണൽ അസസ്മെൻറ് ആൻറ് അക്രഡിറ്റേഷൻ കൗൺസിൽ(നാക്) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റാങ്കിംഗ് ഫ്രെയിം വർക്ക് (എൻ.ഐ.ആർ.എഫ്) റാങ്കിംഗുകളിൽ മികവ് നിലനിർത്തുന്ന സർവകലാശാലകൾക്കു മാത്രമാണ് ഓൺലൈൻ ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾ നടത്തുന്നതിന് യു.ജി.സി. അനുമതി നൽകുന്നത്. സംസ്ഥാനത്ത് റെഗുലർ പ്രോഗ്രാമിനു തുല്യമായ ഓൺലൈൻ പി.ജി പ്രോഗ്രാമുകൾക്ക് അനുമതി ലഭിച്ചിട്ടുള്ളത് എം.ജി. സർവകലാശാലയ്ക്കു മാത്രമാണ്.

സെൻറർ ഫോർ ഡിസ്റ്റൻസ് ആൻറ് ഓൺലൈൻ എജ്യുക്കേഷനിൽ നേരത്തെ ആരംഭിച്ച ദ്വിവർഷ ഓൺലൈൻ എം.കോം പ്രോഗ്രാമിൻറെ പുതിയ ബാച്ചിലേക്കും ഇപ്പോൾ അപേക്ഷ നൽകാം. മഹാത്മാ ഗാന്ധി സർവകലാശാല അംഗീകരിക്കുന്ന ബി.കോം, ബി.ബി.എ, ബിബിഎം യോഗ്യതയോ തത്തുല്യമായ മറ്റേതെങ്കിലും ബിരുദമോ 45 ശതമാനം മാർക്കോടെ നേടിയവരെയാണ് പരിഗണിക്കുന്നത്. പ്രവേശന പരീക്ഷ ഇല്ല. സീറ്റുകളുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടില്ല.

ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും പട്ടികജാതി, പട്ടികവർഗ, ഒഇസി, എസ്ഇബിസി വിഭാങ്ങളിൽ പെടുന്നവർക്കും സർവകലാശാലാ നിയമപ്രകാരമുള്ള ഇളവുകൾ ഉണ്ടായിരിക്കും. നാലു സെമസ്റ്ററുകളായി നടത്തുന്ന എം.കോം പ്രോഗ്രാമിന് ഒരോ സെമസ്റ്ററിനും ഇരുപതിനായിരം രൂപയാണ് ഫീസ്. സംവരണ വിഭാഗങ്ങളിൽ പെട്ടവർക്ക് 20 ശതമാനം ഫീസ് ഇളവ് ലഭിക്കും.

കോഴ്സുകളുടെ വിശദ വിവരങ്ങൾ അറിയുന്നതിനും അപേക്ഷ സമർപ്പിക്കുന്നതിനും സർവകശാലാ വെബ്സൈറ്റ് (www.mgu.ac.in) അല്ലെങ്കിൽ https://cdoeadmission.mgu.ac.in/ എന്ന ലിങ്ക് പരിശോധിക്കാം. ഫോൺ-0481-2733293, 8547992325. ഇമെയിൽ- mguonline@mgu.ac.in.

(പി.ആർ.ഒ/39/215/2024)

## ഹാർഡ് വെയർ എൻജിനീയർ; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഹാർഡ് വെയർ ക്ലിനിക്കൽ ഹാർഡ് വെയർ എൻജിനീയർമാരുടെ ഒരു വർഷത്തെ താല്കാലിക കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രവർത്തന മികവിൻറെ അടിസ്ഥാനത്തിൽ സേവന കാലാവധി മൂന്നു വർഷം വരെ നീട്ടി നൽകാൻ സാധ്യതയുണ്ട്.

പ്രായം, യോഗ്യത തുടങ്ങിയ കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. താൽപര്യമുള്ളവർക്ക് ബയോഡാറ്റയും ബന്ധപ്പെട്ട രേഖകളും സഹിതം notificationada4@mgu.ac.in എന്ന ഇ-മെയിലിൽ മാർച്ച് 15 വരെ അപേക്ഷ അയയ്ക്കാം. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ (www.@mgu.ac.in). ഫോൺ: 0481 2733541.

(പി.ആർ.ഒ/39/216/2024)

## പരീക്ഷകൾ മാറ്റി വച്ചു

മാർച്ച് അഞ്ചുമുതൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ ബി.ആർക്(2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾ മാറ്റിവച്ചു. പരീക്ഷകൾ മാർച്ച് 21ന് ആരംഭിക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/217/2024)

## ടൈം ടേബിൾ പുനഃക്രമീകരിച്ചു

അഞ്ചാം സെമസ്റ്റർ സിബിസിഎസ്എസ്(20142016 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2013 അഡ്മിഷൻ മെഴ്സി ചാൻസ്), അഞ്ചാം സെമസ്റ്റർ സിബിസിഎസ്എസ് സൈബർ ഫോറൻസിക് (20142018 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷാ ടൈം ടേബിൾ പുനഃക്രമീകരിച്ചു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/218/2024)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ ബിഎൽഐഎസ്സി(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ സപ്ലിമെൻററി, 2019,2020,2021 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ മാർച്ച് 21ന് ആരംഭിക്കും.
മാർച്ച് ആറു വരെ ഫീസ് അടച്ച് പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കാം. മാർച്ച് ഏഴിനു ഫൈനോടു കൂടിയും മാർച്ച് 11 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
............................

ഏപ്രിൽ നാലിന് ആരംഭിക്കുന്ന ഒമ്പതാം സെമസ്റ്റർ ബി.ആർക്(2010 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് മാർച്ച് 15 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം.
മാർച്ച് 18 വരെ ഫൈനോടു കൂടിയും മാർച്ച് 19ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
..............................

ഏപ്രിൽ മൂന്നിന് ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്ററുകൾ ബി.ആർക്(2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾക്ക് മാർച്ച് 18 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. മാർച്ച് 19ന് ഫൈനോടു കൂടിയും മാർച്ച് 20ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/219/2024)

## പരീക്ഷാ തീയതി

നാലാം സെമസ്റ്റർ എംസിഎ(20172019 അഡ്മിഷനുകൾ സപ്ലിമെൻററി,ലാറ്ററൽ എൻട്രി, 2018-2019 അഡ്മിഷനുകൾ സപ്ലിമെൻററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്), 2016 അഡ്മിഷൻ(അഫിലിയേറ്റഡ് കോളജുകൾ) ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ(അഫിലിയേറ്റഡ് കോളജുകളും സീപാസും) രണ്ടാം മെഴ്സി ചാൻസ്, 2012-2014 അഡ്മിഷനുകൾ മൂന്നാം മെഴ്സി ചാൻസ്(അഫിലിയേറ്റഡ് കോളജുകളും സീപാസും) മൂന്നാം മെഴ്സി ചാൻസ്, ലാറ്ററൽ എൻട്രി - അഫിലിയേറ്റഡ് കോളജുകളും സീപാസും - 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014,2015 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) മാർച്ച് 20ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

............................

ഒന്നാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി, എം.എ പ്രോഗ്രാം - എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻറ് മെഷീൻ ലേണിംഗ്/ഡേറ്റാ സയൻസ്), എം.എസ്.സി ബേസിക് സയൻസ്(സ്റ്റാറ്റിസ്റ്റിക്സ്/ഫിസിക്സ്), എം.എ ലാംഗ്വേജ് (ഇംഗ്ലീഷ്) പുതിയ സ്കീം - 2023 അഡ്മിഷൻ റഗുലർ, 2021,2022 അഡ്മിഷനുകൾ ഇംപ്രൂവ്മെൻറ്, സപ്ലിമെൻററി, 2020 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾ മാർച്ച് 20ന് ആരംഭിക്കും.

(പി.ആർ.ഒ/39/220/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**